I/102786/2024

**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്, തമ്പാനൂർ, തിരുവനന്തപുരം-695001**

E-mail: ceekinfo.cee@kerala.gov.in
Telephone: 0471 - 2525300

## വിജ്ഞാപനം

## കീം 2024

## എൻജിനിയറിങ്, ഫാർമസി , ആർക്കിടെക്ചർ/മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകൾ

## പുതുതായി എൻ.ആർ.ഐ, മൈനോറിറ്റി, കാറ്റഗറി ക്ലെയിമുകൾ കൂട്ടിചേർക്കുന്നതിനുള്ള അവസരം

സംസ്ഥാനത്തെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്ക് 2024-25 അധ്യയന വർഷത്തെ പ്രവേശനത്തിനായി നിശ്ചിത സമയത്തിനകം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അപേക്ഷയോടൊപ്പം എൻ.ആർ.ഐ, മൈനോറിറ്റി, കാറ്റഗറി ക്ലെയിമുകൾ സമർപ്പിക്കാൻ കഴിയാതിരുന്ന വിദ്യാർത്ഥികൾക്ക് പുതുതായി പ്രസ്തുത ക്ലെയിമുകൾ കൂട്ടിച്ചേർക്കുന്നതിനുള്ള അവസരം 24.06.2024, വൈകുന്നേരം 6.00 മണി വരെ ലഭ്യമാക്കിയിട്ടുണ്ട്.

പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ **'KEAM 2024-Candidate Portal'** എന്ന ലിങ്കിലൂടെ അപേക്ഷാ നമ്പറും, പാസ്‌വേഡും നൽകി വിദ്യാർത്ഥികൾ അവരുടെ ഹോം പേജിൽ പ്രവേശിക്കേണ്ടതാണ്. അതിനുശേഷം **'** 'Reservation claim' എന്ന മെനു ക്ലിക്ക് ചെയ്ത് എൻ.ആർ.ഐ, മൈനോറിറ്റി, കാറ്റഗറി ക്ലെയിമുകൾ എന്നിവ ആവശ്യാനുസരണം കൂട്ടിച്ചേർക്കാവുന്നതാണ്.

പുതുതായി ക്ലെയിമുകൾ സമർപ്പിക്കുന്ന വിദ്യാർത്ഥികൾ സാമുദായിക സംവരണം (കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, കേരളത്തിലെ വിദ്യാഭ്യാസ ആവശ്യത്തിനുള്ള നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്), EWS ക്വോട്ട (സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സംവരണേതര വിഭാഗക്കാർക്കുള്ള സീറ്റ്), NRI ക്വോട്ട, മൈനോറിറ്റി ക്വോട്ട എന്നിവ ആവശ്യമുള്ളവർ ആവശ്യമായ അനുബന്ധ രേഖകൾ സമർപ്പിക്കേണ്ടതാണ്. അനുബന്ധ രേഖകൾ

സമർപ്പിക്കാൻ മറ്റൊരു അവസരം ലഭിക്കുന്നതല്ല.

പുതുതായി എൻ.ആർ.ഐ, മൈനോറിറ്റി, കാറ്റഗറി ക്ലെയിമുകൾ സമർപ്പിക്കുന്നതിനു മുൻപ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള 2024-25 അധ്യയന വർഷത്തിലെ സംസ്ഥാനത്തെ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി, മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളുടെ പ്രവേശനം സംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന സർക്കാർ അംഗീകൃത പ്രോസ്പെക്ടസിലെ വ്യവസ്ഥകളും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും, **27.03.2024**-ലെ കീം അപേക്ഷാ സമർപ്പണം സംബന്ധിച്ചുള്ള വിജ്ഞാപനവും അപേക്ഷകർ ശ്രദ്ധിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signed by
Sudhir K Ias
Date: 21-06-2024 22:26:41

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
21-06-2024